**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2045** **29-09-2025 - ൽ മറുപടിയ്ക്ക്**

**പാറാശാല ആട്ടുവളർത്തൽ കേന്ദ്രത്തെ 'സെന്റർ ഓഫ് എക്സലൻസ്' ആക്കി ഉയർത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാറശാല ആട്ടുവളർത്തൽ കേന്ദ്രത്തെ 'സെന്റർ ഓഫ് എക്സലൻസ്' ആക്കി ഉയർത്തുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | **NLM പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല ആട്ടുവളർത്തൽ കേന്ദ്രത്തെ സെന്റർ ഓഫ് എക്സലൻസ് ആക്കി ഉയർത്തുന്നതിനുള്ള സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.**<br>**PWD മുഖാന്തിരം ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ നിലവിൽ ഡ്രയിനേജ് സംവിധാനങ്ങളുടെ പണികളും, മുട്ടനാട്ടുകളുടെ കൂട്ടുകളുടെ നിർമ്മാണവും മാത്രമാണ് ബാക്കിയുള്ളത്. 2025 സെപ്റ്റംബർ അവസാനത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ എന്തൊക്കെയാണെന്നും അതിലേക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | പാറശ്ശാല ആട്ടുവളർത്തൽ കേന്ദ്രത്തെ സെന്റർ ഓഫ് എക്സലൻസ് ആക്കി ഉയർത്തുന്നതിനുള്ള പദ്ധതി 21/03/2025-ലെ സ.ഉ (സാധാ) നമ്പർ 102/2020/ എ.എച്ച്.ഡി പ്രകാരം 2022 ൽ ആരംഭിയ്ക്കുകയുണ്ടായി. പദ്ധതിയിൽ സിവിൽ കൺസ്ട്രക്ഷനായി 2,25,00,000/- രൂപയും, ഫോഡർ ഡെവലപ്മെന്റിനായി 10,00,000/- രൂപയും പാരന്റ് സ്റ്റോക്ക് പർച്ചേയ്സിംഗിനായി 70,00,000/- രൂപയും, ഐ. റ്റി. ഇൻഫ്രാസ്ട്രക്ച്ചറിനായി 15,00,000/- രൂപയും അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിനായി 1,40,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ അടുത്ത ഘട്ടത്തിലെ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ നടന്നുവരുന്ന പദ്ധതികൾക്ക് പുറമെ അടുത്ത ഘട്ടത്തിലെ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ